4620
29/10/18

കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്

നം. E3/99/2018/ഐ&പി.ആർ.ഡി.

തിരുവനന്തപുരം
തീയതി: 30.08.2018

സർക്കുലർ

വിഷയം :- ഐ&പി.ആർ.ഡി - കുട്ടികളുടെ നിർധനവസ്ഥ, സാമ്പത്തിക പിന്നോക്കാവസ്ഥ, ശോചനീയാവസ്ഥ എന്നിവയെ സംബന്ധിച്ച റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്നത്- സംബന്ധിച്ച് :-

സൂചന :- 21.07.2018 ലെ എന്നീ തീയതികളിലെ കേരള സംസ്ഥാന ബാലാവകാശ കമ്മീഷന്റെ CRMP No. 4877/13/LA2/17/KeSCPCR നമ്പർ നോട്ടീസ്.

ദരിദ്ര പശ്ചാത്തലത്തിൽ നിന്നും ഉന്നത വിജയം നേടി എന്ന വാർത്തകൾ കുട്ടിയുടെ ആത്മാഭിമാനം ഹനിക്കുകയും കുട്ടിയെ മാനസികമായി തളർത്തുകയും ചെയ്യുവെന്നും ഇത് കാരണം കുട്ടി ആത്മഹത്യ ചെയ്യുവെന്നും ഉള്ള മാധ്യമ വാർത്തയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ബാല അവകാശ കമ്മീഷൻ കേസ് എടുക്കുകയുണ്ടായി . ഇത്തരം വാർത്തകൾ പ്രസിദ്ധീകരിക്കുന്നതിന് മുമ്പായി അവരുടെ സമ്മതപത്രം വാങ്ങുന്നത് നല്ലതാണെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു . ഇതു സംബന്ധിച്ച് ഐ&പി.ആർ.ഡി ഉത്തരവ് പുറപ്പെടുവിക്കണമെന്നും കമ്മീഷൻ സൂചന നോട്ടീസ് പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു

മേൽസാഹചര്യത്തിൽ,കുട്ടികളുടെ നിർധനാവസ്ഥ, സാമ്പത്തിക പിന്നോക്കാവസ്ഥ, ശോചനീയാവസ്ഥ എന്നിവയെ സംബന്ധിച്ച റിപ്പോർട്ടുകൾ പ്രസിദ്ധീകരിക്കുന്ന അവസരത്തിൽ കൂടുതൽ ശ്രദ്ധയും കരുതലും എടുക്കണമെന്ന് കുട്ടികളുടെയും രക്ഷിതാക്കളുടെയും സമ്മതം വാങ്ങിയതിന് ശേഷം മാത്രമേ റിപ്പോർട്ട് പ്രസിദ്ധികരിക്കുവാൻ പാടുള്ളുവെന്നും നിഷ്കർഷിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു

മേൽ സൂചിപ്പിച്ച വ്യവസ്ഥകൾ കർശനമായി പാലിക്കേണ്ടതാണ്.

**സുഭാഷ്.ടി.വി**
**ഡയറക്ടർ**

എല്ലാ ചാനൽ അധികാരികൾക്കും/മാധ്യമ അധികാരികൾക്കും
അഡീ.ഡയറക്ടർ(ഇ.എം.ഡി)
ഡെപ്യൂട്ടി സെക്രട്ടറി, ഐ&പി.ആർ.ഡി.
ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)
ഇൻഫർമേഷൻ ഓഫീസർ (പി.ആർ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്- ഡയറക്ടറുടെ സി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ